# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO 25424/22/M I

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
11.11.2024

## സർക്കുലർ

വിഷയം: തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഷോപ്പിംഗ് കോംപ്ലക്സുകളുടെ ലേലം സംബന്ധിച്ച്

സൂചന : ദേവസ്വം ബോർഡ് ആഫീസിലെ 26.03.2024 ലെ ROC.1039/24/എം നമ്പർ ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഷോപ്പിംഗ് കോംപ്ലക്സുകളുടെ 5,00,000/- (അഞ്ച് ലക്ഷം) രൂപ വരെയുള്ള കടമുറികളുടെ ലേലം യഥാസമയം ഡിപ്പാർട്ട്മെന്റ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് നിയമാനുസൃതം നടത്തുന്നതിനും ലേല നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കുമായി ബന്ധപ്പെട്ട ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെയും ബന്ധപ്പെട്ട ഗ്രൂപ്പ് അസിസ്റ്റന്റ് എൻജിനീയർമാരെയും സംയുക്തമായി ചുമതലപ്പെടുത്തി സൂചന പ്രകാരം ബോർഡ് ഉത്തരവുള്ളതാണ്.

ഈ സാഹചര്യത്തിൽ ലേല നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി അടിസ്ഥാന ലേലത്തുകയേക്കാൾ കൂടിയ തുകയ്ക്ക് ലേലം നടക്കുന്ന കടമുറികളുടെ ലേലക്കാരുമായി എഗ്രിമെന്റ് വച്ച് തുടർ നടപടി സ്വീകരിച്ച് ആയതിന്റെ നടപടി സാധൂകരണത്തിനായി ഈ ആഫീസിലേയ്ക്ക് റിപ്പോർട്ട് അയക്കുന്നതിന് എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു

വിശ്വസ്തതയോടെ

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ്:

1.ബന്ധപ്പെട്ട എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും

2.ഐ.റ്റി.സെക്ഷൻ

3.സെക്ഷൻ ഫയൽ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)